"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - 'ഡവലപ്മെന്റ് ഓഫ് വിസിറ്റർ ഫെസിലിറ്റീസ് അറ്റ് ഒരപ്പൻകെട്ട് വാട്ടർഫോൾ, പാണഞ്ചേരി ഗ്രാമപഞ്ചായത്ത്, തൃശൂർ'- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.358/2024/TSM തീയതി, തിരുവനന്തപുരം, 18-07-2024

---

പരാമർശം: 1. 30.05.2019ലെ സ. ഉ. (കൈ) 3/2019/ടൂറിസം

2. 28.04.2021ലെ സ. ഉ. (അ) 67/2021/ധന.

3. 2022 - 23ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം രണ്ട് (മരാമത്തു പണികളുടെ വിശദ വിവരങ്ങൾ) വാല്യം രണ്ടിലെ (ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ) ക്രമനമ്പർ: 912

4. വിനോദ സഞ്ചാര ഡയറക്ടറുടെ 18.08.2023, 27.03.2024 തീയതികളിലെ ഡിഒടി/10128/2023 - പി5 നമ്പർ കത്തുകൾ

**ഉത്തരവ്**

തൃശൂർ ജില്ലയിലെ ഒല്ലൂർ നിയോജകമണ്ഡലത്തിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലുള്ള ഒരപ്പൻകെട്ട് വിനോദ സഞ്ചാര വികസനത്തിനു തയാറാക്കിയതും 4.99 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതുമായ 'ഡവലപ്മെന്റ് ഓഫ് വിസിറ്റർ ഫെസിലിറ്റീസ് അറ്റ് ഒരപ്പൻകെട്ട് വാട്ടർഫോൾ, പാണഞ്ചേരി ഗ്രാമപഞ്ചായത്ത്, തൃശൂർ'എന്ന പദ്ധതിക്കായി പ്രൈസ് സോഫ്റ്റ് വെയറിലുള്ള എസ്റ്റിമേറ്റ് സഹിതമുള്ള വിശദ പദ്ധതി രേഖ (DPR) പരാമർശത്തിലെ കത്തിനൊപ്പം വിനോദ സഞ്ചാര ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

(2). 2022 - 23ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം രണ്ട് (മരാമത്തു പണികളുടെ വിശദ വിവരങ്ങൾ) വാല്യം രണ്ടിൽ (ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ) അഞ്ചു കോടി രൂപ എസ്റ്റിമേറ്റ് തുകയുള്ള പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഒരപ്പൻകെട്ട് ടൂറിസം വികസനത്തിന്, അതിന്റെ 20 ശതമാനമായ ഒരു കോടി രൂപ വകയിരുത്തിയിരുന്നു (ക്രമനമ്പർ: 912). 'ഡവലപ്മെന്റ് ഓഫ് വിസിറ്റർ ഫെസിലിറ്റീസ് അറ്റ് ഒരപ്പൻകെട്ട് വാട്ടർഫോൾ, പാണഞ്ചേരി ഗ്രാമപഞ്ചായത്ത്, തൃശൂർ' എന്ന പദ്ധതിക്ക് പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നു നിരാക്ഷേപപത്രം ലഭിച്ചിട്ടുണ്ട്. തുടർന്ന് സന്ദർശകരുടെ പാർക്കിങ്ങിന് ആവശ്യമായ ഭൂമി പദ്ധതി പ്രദേശത്തു കണ്ടെത്തി, സ്ഥലം

ഉടമയുമായി പഞ്ചായത്ത് അധികൃതർ കരാർ ഒപ്പിട്ടു. പദ്ധതി നടത്തിപ്പിനുള്ള ചെലവ് '5452 - 01 - 101 - 99 - 00 - 34 - 03 - അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും - പി (വി)' എന്ന ശീർഷകത്തിൽ നിന്നു വഹിക്കാനാവുമെന്ന് വിനോദ സഞ്ചാര ഡയറക്ടർ അറിയിച്ചിരുന്നു.

**(3).** വിശദ പദ്ധതി രേഖ പ്രകാരം പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഘടകങ്ങൾ | തുക |
|---|---|---|
| 1. | ടിക്കറ്റ് കൗണ്ടർ | 3,96,452.30 |
| 2. | കഫെറ്റീരിയ | 13,05,477.81 |
| 3. | ടോയ് ലെറ്റ് | 7,69,992.08 |
| 4. | എൻട്രി ഗേറ്റ് വേ | 1,11,124.04 |
| 5. | റയിൻ ഷെൽറ്റർ | 13,36,194.02 |
| 6. | പേവ്ഡ് വേക്ക് വേ | 24,86,244.58 |
| 7. | റീട്ടെയ്നിങ് വാൾ | 68,34,527.51 |
| 8. | സ്റ്റെപ്പുകൾ | 12,99,090.29 |
| 9. | ബോട്ട് ജെട്ടി | 9,43,337.60 |
| 10. | ഗ്ലാസ് ബ്രിഡ്ജ് | 39,50,632.13 |
| 11. | ചെക്ക് ഡാം | 83,86,001.34 |
| 12. | സിപ് ലൈൻ | 25,00,000.00 |
| 13. | ലാൻഡ്സ്കേപ്പിങ് | 9,71,280.00 |
| 14. | മാലിന്യ സംസ്കരണ യൂണിറ്റ് (രണ്ട് എണ്ണം) | 1,00,000.00 |
| 15. | വേസ്റ്റ് ബിന്നുകൾ (15 എണ്ണം) | 90,000.00 |
| 16. | സ്ട്രീറ്റ് ലൈറ്റ് (15 എണ്ണം) | 9,75,000.00 |
| 17. | 10 കെ വി ശേഷിയുള്ള സൗരോജ പാനൽ (10 എണ്ണം) | 6,00,000.00 |
| 18. | കലാ ശിൽപ്പങ്ങൾ (5 എണ്ണം) | 5,00,000.00 |
| 19. | സൈനേജ് (20 എണ്ണം ) | 2,40,000.00 |
| 20. | സർവെയ് ലൻസ് (20 എണ്ണം) | 5,00,000.00 |
| 21. | പ്ലംബിങ് ജോലികൾ | 16,44,282.00 |
| 22. | ഇലക്ട്രിക്കൽ ജോലികൾ | 28,54,020.00 |
| 23. | 12 എംഎം ഘനമുള്ള ഫ്രെയിംരഹിത ടഫൻഡ് ഗ്ലാസ് | 8,32,000.00 |
| 24. | Contigencies | 2,48,812.00 |
| 25. | Add GST @ 18% of work value (₹3,98,94,468/-) | 71,81,004.00 |
| 26. | Add Centage @6%of the work value (₹3,98,94,468/-) | 23,93,668.00 |
| 27. | Add GST @ 18% of Centage charge | 4,30,860.00 |
| Provision for GST payments (in %)@ | | 0.0% |

| | |
|---|---|
| Amount reserved for GST payments | 0.00 |
| Total | 4,99,00,000.00 |
| Lumpsum roundoff | 0.00 |
| | 4,99,00,000.00 |
| | 4,99,00,000.00 |
| | **Rupees Four Crore Ninety Nine Lakh only** |

**(4).** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'ഡവലപ്മെന്റ് ഓഫ് വിസിറ്റർ ഫെസിലിറ്റീസ് അറ്റ് ഒരപ്പൻകെട്ട് വാട്ടർഫോൾ, പാണഞ്ചേരി ഗ്രാമപഞ്ചായത്ത്, തൃശൂർ' എന്ന പദ്ധതിക്ക്, മേൽ ഘടകങ്ങളോടെ, ചുവടെ ചേർത്ത വ്യവസ്ഥകൾക്കു വിധേയമായി '5452 - 01 - 101 - 99 - 00 - 34 - 03 - അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും - പി (വി)' എന്ന ശീർഷകത്തിൽ നിന്ന് **4,99,00,000/-** രൂപയുടെ (നാല് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

**(i)** സാങ്കേതികാനുമതി നൽകുന്നതിനു മുമ്പായി നിലവിൽ ലംപ്സം പ്രൊവിഷൻ വ്യവസ്ഥയിൽ ചേർത്തിരിക്കുന്ന ഘടകങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾപ്പെടുത്തി, പരിഷ്കരിച്ച **DPR** തയാറാക്കി, അതു തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എൻജിനീയറിങ് വിഭാഗം പരിശോധിച്ച് ഉറപ്പുവരുത്തണം.

**(ii)** അക്രെഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരവും അളവും ഉറപ്പാക്കാനായി വിനോദ സഞ്ചാര വകുപ്പിന്റെ സിവിൽ എൻജിനീയറെ പദ്ധതി പ്രദേശത്തു നിയോഗിക്കണം. കരാർ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നെന്നും സർക്കാരിനു നഷ്ടമുണ്ടാവുന്നില്ലെന്നും ഇപ്രകാരം ഉറപ്പാക്കേണ്ടതാണ്.

**(iii)** അക്രെഡിറ്റഡ് ഏജൻസികൾ മുഖേന നിർമാണ പ്രവൃത്തികൾ നടപ്പാക്കുന്ന പക്ഷം, ഏജൻസിയുടെ തിരഞ്ഞെടുപ്പിലും നിർമാണ വേളയിലും ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളും നിബന്ധനകളും കർശനായി പാലിക്കുന്നെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**(iv)** പദ്ധതിയുടെ പ്രവർത്തനത്തിന് ആവശ്യമായ ഘടകങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിനോദ സഞ്ചാര ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

**(v)** സാങ്കേതികാനുമതി നൽകുംമുമ്പ് പദ്ധതിയുടെ എസ്റ്റിമേറ്റിന്റെ ഉള്ളടക്കത്തിന്റെ കൃത്യതയും നിലവാരവും ബന്ധപ്പെട്ട അധികൃതർ ഉറപ്പാക്കേണ്ടതാണ്.

**(vi)** എസ്റ്റിമേറ്റിലെ ഒബ്സേർവ്ഡ് ഡാറ്റയ്ക്കായി സ്വീകരിച്ച നിരക്കുകളുടെ കൃത്യത സാങ്കേതികാനുമതി നൽകുന്ന അധികാരി ഉറപ്പ് വരുത്തേണ്ടതാണ്.

**(vii)** സാങ്കേതികാനുമതി നൽകുംമുമ്പ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പ്രൊവിഷന്റെ സ്വീകാര്യത, പദ്ധതി പ്രദേശത്തെ സാഹചര്യങ്ങൾ വിലയിരുത്തി ഉറപ്പാക്കേണ്ടതാണ്.

**(5).** പരാമർശത്തിലുള്ളതടക്കം പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട വിവിധ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിർദേശങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും കർശനമായി പാലിച്ച് വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കുന്ന പദ്ധതിയുടെ ഈ സാമ്പത്തിക വർഷത്തെ ചെലവ് '**5452 - 01 - 101 - 99 - 00 - 34 - 03** - അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും - പി (വി)' എന്ന ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതത്തെ അധികരിക്കുന്നില്ലെന്ന് വിനോദ സഞ്ചാര ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡി.ജഗദീഷ്**

അഡിഷണൽ സെക്രട്ടറി

പകർപ്പ്:
ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം - **695 033**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം - **695 001**
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് **I**/ഓഡിറ്റ് **II**) കേരളം, തിരുവനന്തപുരം - **695 001**
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം - **695 010**
ധനകാര്യ (വ്യയം ബി) വകുപ്പ് (**11.07.2024**ലെ ഇ **2579430**/വ്യയം ബി**2/377/2023** - ധന. നമ്പർ റിമാർക്സ് പ്രകാരം)
വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ (നമ്പർ: ഇ **2568052**/ടൂർ - എ**3/319/2023** - ടൂർ)

ഉത്തരവിൻ പ്രകാരം

Signed by

Reena P P

Date: 19-07-2024 10:16:59

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി. എയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എയ്ക്ക്